# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4058 27.6.2012-ൽ മറുപടിയ്ക്ക്

### കരിച്ചൽ പമ്പ് ഹൗസിന്റെ ട്രാൻസ്ഫോർമർ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീമതി ജമീലാ പ്രകാശം** | **ശ്രീ. പി.ജെ ജോസഫ്**<br>(ജലവിഭവ വകുപ്പുമന്ത്രി) |
| (എ) കാഞ്ഞിരംകുളം സബ്ഡിവിഷന് കീഴിലുള്ള കരിച്ചൽ പമ്പ് ഹൗസിൽ 2010 ജൂണിൽ വാട്ടർ അതോറിറ്റി സ്ഥാപിച്ച ട്രാൻസ്ഫോമർ ഇതുവരെ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അതിന്റെ കാരണമെന്ത്; | (ബി) സുനാമി പുനരുദ്ധാരണ പദ്ധതിയിൽ ഉൾ പ്പെടുത്തി അനുമതി ലഭിച്ച പ്രസ്തുത ട്രാൻസ് ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി പൂർത്തീകരിച്ചുകഴിഞ്ഞു. കരിച്ചൽ പമ്പ് ഹൗസിൽ കുടിശ്ശികയുള്ള ഇലക്ട്രിസിറ്റി ബിൽ തുക അടയ്ക്കാത്തതുകാരണം പുതിയ ട്രാൻസ് ഫോർമർ ചാർജ്ജ് ചെയ്യുവാൻ കെ.എസ്.ഇ.ബി അനുവദിക്കുന്നില്ല. കെ.എസ്.ഇ.ബിയുടെ പവർ കണക്ഷൻ ലഭിച്ചാൽ ഉടൻതന്നെ ട്രാൻസ് ഫോർമർ കമ്മീഷൻ ചെയ്യാൻ കഴിയും. പവർ കണക്ഷൻ നല്കുന്നതിനുള്ള തുകയ്ക്ക് ചെക്ക് കെ.എസ്.ഇ.ബിയ്ക്ക് നല്കിയെങ്കിലും |

| | | | |
|---|---|---|---|
| | | | കുടിശ്ശിക അടച്ചാൽ മാത്രമേ ചെക്ക് സ്വീകരിക്കാൻ കഴിയൂ എന്ന നിലപാടിലാണ് കെ.എസ്.ഇ.ബി. |
| (സി) | പ്രസ്തുത ട്രാൻസ്ഫോമർ അടിയന്തിരമായി പ്രവർത്തിപ്പിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോ | (സി) | കെ.എസ്.ഇ.ബിയ്ക്കുള്ള കുടിശ്ശിക തുക അടയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ